സമഗ്ര നാളികേര വികസന പദ്ധതി

142 (3113) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി 2014-15 വർഷം "കേരഗ്രാമം" പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ജൈവ കാർഷിക ജില്ലയായ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളം, രാസവളം, ജീവാണുവളം, സസ്യസംരക്ഷണ വസ്തുക്കൾ, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുതിയ തൈകൾ നടുന്നതിനുമായി ഹെക്ടറിന് 25000 രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ സഹായം നൽകുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000 രൂപ സബ്സിഡി നിരക്കിൽ ഒരു പഞ്ചായത്തിൽ 20 മുതൽ 50 എണ്ണം വരെ എന്ന ക്രമത്തിൽ 1,00,000 രൂപ വരെ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു പഞ്ചായത്തിൽ 100 ഹെക്ടറിലേയ്ക്കായി 25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000 രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവ വളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 മുതൽ 50 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം ഒരു പഞ്ചായത്തിൽ നടപ്പിലാക്കുന്നതാണ്. ഇതിനായി യൂണിറ്റ് ഒന്നിന് 10,000 രൂപ നിരക്കിൽ പരമാവധി 5,00,000 രൂപ ധനസഹായം നൽകുന്നതാണ്. പദ്ധതി പ്രവർത്തന ചെലവുകൾക്കായി കൃഷി ഭവനുകൾക്കും കേര സൊസൈറ്റികൾക്കും തുക വകയിരുത്തിയിട്ടുണ്ട്.

(സി) കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/കാർഷിക കർമ്മസേന അംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവരാണ് സഹകരിക്കുന്നത്.

(ഡി) ഒരു കേരഗ്രാമത്തിന് 500 ഹെക്ടർ എന്ന കണക്കിൽ 26 പഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെങ്കിലും നാളികേര കൃഷി വിസ്തൃതി കുറഞ്ഞ പഞ്ചായത്തുകളിൽ തൊട്ടടുത്ത പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ആകെ 43 പഞ്ചായത്തുകളിലായി പദ്ധതി നടപ്പിലാക്കിവരുന്നു.

ആറടി തോടിന്റെ പ്രവൃത്തി

143 (3114) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി കോൾ വികസന സമിതിയുടെ പരിധിയിൽവരുന്ന ആറടി തോടിന്റെ ആഴംകൂട്ടലും, ഭിത്തി ബലപ്പെടുത്തലും പ്രവൃത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഇതിന്റെ എത്ര ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു ; ഇതിനായി എത്ര തുക ചെലവഴിച്ചു ;

(ബി) കെ.എൽ.ഡി.സി.-യെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ള ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിയുടെ 72 ശതമാനം പണികൾ ഭൗതീകമായി പൂർത്തീകരിക്കുകയും അതിനായി ഇതുവരെ 1384.157 ലക്ഷം രൂപ ചെലവഴിച്ചിട്ടുമുണ്ട്.

(ബി) കാലവർഷത്തിനുമുൻപ് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly